# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 89 28.02.2018 - ലെ മറുപടിയ്ക്ക്

## ജാതി വിവേചനം

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ.പി.ഉണ്ണി | | മറുപടി<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
|---|---|---|---|
| എ) | സവർണർ എന്നു വിവക്ഷിക്കുന്നവർ ജാതി ശ്രേണിയിൽ താഴ്ന്നതെന്ന് കരുതുന്ന ജാതിയിൽ ഉൾപ്പെട്ടയാളായതുകൊണ്ട് പ്രശസ്ത ചിത്രകാരനും ശില്പിയുമായ അശാന്തന്റെ മൃതദേഹം സാംസ്കാരിക സ്ഥാപനമായ ഡർബാർ ഹാളിൽ പൊതു ദർശനത്തിന് വയ്ക്കുന്നത് വിലക്കിയതിനെതിരെ അയിത്താചരണത്തിന് നടപടിയെടുക്കാൻ നിർദ്ദേശം നൽകുമോ; | എ) | പ്രശസ്ത ചിത്രകാരനും ശില്പിയുമായ അശാന്തന്റെ മൃതദേഹം എറണാകുളം ദർബാർ ഹാൾ ഗാലറിയുടെ മുറ്റത്ത് പൊതു ദർശനത്തിന് വയ്ക്കുന്നത് വിലക്കുകയും, കേരള ലളിതകലാ അക്കാഡമി സെക്രട്ടറിയെ ആക്ഷേപിക്കുകയും ചെയ്തത് സംബന്ധിച്ച് സെക്രട്ടറിയായ ശ്രീ.പൊന്ന്യം ചന്ദ്രന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ 01.02.2018-ൽ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 317/18 സെക്ഷൻ 143, 147, 427, 294(ബി), 506 R/W,149 IPC പ്രകാരം കേസ്സ് എടുത്തിട്ടുള്ളതും പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരമുള്ള വകുപ്പുകൾ ടി കേസിൽ ഉൾപ്പെടുത്തിയിട്ടില്ല. അശാന്തന്റെ മൃതദേഹത്തോട് അനാദരവ് കാണിച്ചത് സംബന്ധിച്ച് അതിക്രമം തടയൽ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുവാൻ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഒരു ദളിതന്റെ മൃതദേഹം ക്ഷേത്രത്തിന് സമീപത്തുകൂടി കൊണ്ടുപോയാൽ ക്ഷേത്രം അശുദ്ധമാകുമെന്ന് കരുതുന്നത് പോലെയുള്ള ജാതി വിവേചനങ്ങൾ കർശനമായി നിയന്ത്രിക്കാൻ ഇടപെടൽ നടത്തുമോ; | ബി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ കർശനമായി നിയന്ത്രിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്ന താണ്. |
| സി) | വേദങ്ങളിലും മന്ത്ര തന്ത്രങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അവഗാഹം നേടിയവരായിട്ടും ദളിതനായതിന്റെ പേരിൽ ചെട്ടികുളങ്ങര ക്ഷേത്രത്തിൽ കീഴ്ശാന്തിക്കാരനെ പ്രവേശിപ്പിക്കാതിരുന്നതും ചെർപ്പുളശേരിയിൽ പിന്നോക്കക്കാരനായതു കൊണ്ടു മാത്രം ശാന്തിക്കാരനെ ക്രൂരമായി | സി) | ആലപ്പുഴ ചെട്ടികുളങ്ങര ക്ഷേത്രത്തിൽ ദളിതനായതിന്റെ പേരിൽ കീഴ്ശാന്തി ക്കാരനെ പ്രവേശിപ്പിക്കാതിരുന്നതായുള്ള സംഭവത്തിൽ ശ്രീദേവി വിലാസം ഹിന്ദുമത കൺവെൻഷൻ കീഴ്ശാന്തി നിയമനത്തിനെതിരെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് ടി നിയമന ഉത്തരവ് താൽക്കാലികമായി മരവിപ്പിക്കുകയും |

| | | | |
|---|---|---|---|
| | ആക്രമിച്ചതും പോലെയുള്ള ജാതി വിവേചനപരമായ പ്രവർത്തനങ്ങളെ കർശനമായി അമർച്ച ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | പിന്നീട് ടിയാനെ തന്നെ കീഴ്ശാന്തിയായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടി സംഭവവുമായി ബന്ധപ്പെട്ട് മറ്റ് പരാതികളോ കേസ്സുകളോ ഉണ്ടായിട്ടില്ല. ജാതിവിവേചനപരമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ചെർപ്പുളശേരിയിൽ ശാന്തിക്കാരനെ ആക്രമിച്ച കേസിൽ അതിക്രമ നിരോധന നിയമം 3(2)(V) ഐ.പി.സി 1860, എസ്.സി.എസ്.റ്റി (PoA) ആക്റ്റ് 1989 ഉൾപ്പെടുത്തിക്കൊണ്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 28.11.2017 ലെ ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ ടിയാന് ഒരു ലക്ഷം രൂപ നൽകുവാനുള്ള തീരുമാനം ആയിട്ടുണ്ട്. ആയത് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**